**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 266 - 05/03/2012-ലെ മറുപടിക്ക്**

**സംസ്ഥാനത്തെ വാർഷിക പദ്ധതികളിൽ നിന്നും ചെലവഴിക്കപ്പെട്ട തുക**

**ചോദ്യം**

**ശ്രീ. എം.വി.ശ്രേയാംസ്കുമാർ**

**ഉത്തരം**

**ശ്രീ. കെ. എം. മാണി**
(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്തെ വാർഷിക പദ്ധതിയിൽ നിന്നും നാളിതുവരെ ചെലവഴിക്കപ്പെട്ട തുക എത്രയെന്ന് വിശദമാക്കുമോ; | വകുപ്പ്തല താല്ക്കാലിക കണക്കുകൾ പ്രകാരം 2011-12 സാമ്പത്തിക വർഷത്തിൽ 2012 ജനുവരി 31 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാന വൈദ്യുത ബോർഡ് എന്നിവയുടെ പദ്ധതിവിഹിതം ഉൾപ്പെടെയുള്ള സംസ്ഥാന പദ്ധതി അടങ്കലായ 12010 കോടി രൂപയിൽ 5733.03 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) കേന്ദ്രാവിഷ്കൃതപദ്ധതികൾ തനതു പദ്ധതികൾ എന്നിവയിൽ നിന്നും ചെലവഴിക്കപ്പെട്ട തുക എത്രയെന്ന് വിശദമാക്കുമോ; | കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 1406.28 കോടി രൂപ വകയിരുത്തിയതിൽ 906.68 കോടി രൂപയും തനതു പദ്ധതികളിൽ 5733.03 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ പദ്ധതി നിരീക്ഷണ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പദ്ധതി നിരീക്ഷണത്തിന്റെ ശാസ്ത്രീയ മോഡലായ കേന്ദ്ര സർക്കാരിന്റെ പെർഫോമൻസ് മാനേജ്മെന്റ് വിഭാഗത്തിന്റെ ഭാഗമായി ഓരോ വകുപ്പിന്റെയും റിസൾട്ട് ഫ്രെയിംവർക്ക് ഡോക്കുമെന്റ് തയ്യാറാക്കാൻ തിരുമാനിച്ചു. ഇത് സർക്കാരിന്റെ 100 ദിവസത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി വിജയകരമായി പൂർത്തിയാക്കുകയുണ്ടായി. എം.പി. ഫണ്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് പ്രത്യേകമായി ഒരു മോണിറ്ററിംഗ് യൂണിറ്റ് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ